കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് (2015-16)

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

e-mail: ddlfadksd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -9/1258 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കാസറഗോഡ്

തീയതി .20/12/2016

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി - 9/1258/2016 തീയതി:20/12/2016

<u>കാസറഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*<u>(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)</u>*

കാസറഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.09.2015 മുതൽ 21.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22-10-2016 മുതൽ 31-10-2016 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.മഹേഷ്.ബി | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീ.ജയാനന്ദ.എച്ച്. | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി. | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സുനിൽകുമാർ.എം | സീനിയർഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്-1.എം.ബാലകൃഷ്ണൻ 01.04.2015 മുതൽ 1.10.2015വരെ

2. കെ.ശകുന്തള 19.11.2015മുതൽ 31.03.2016 വരെ

സെക്രട്ടറി-

1.വി.കുഞ്ഞിക്കണ്ണൻ. 01.04.2015 മുതൽ 22.07.2015 FN വരെ

2.കെ.വിനോദ്കുമാർ. 22.07.2016 AN മുതൽ 31.03.2016

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| ബി.സുഷ | കൃഷി ഓഫീസർ | 01.04.2015മുതൽ31.03.2016വരെ |
| സജ്ജയ്കുമാർ.കെ.വി | വില്ലേജ്എക്സ്റ്റെൻഷൻ ഓഫീസർ | 01.04.2015മുതൽ 31.03.2016വരെ |
| കേശവൻ നമ്പൂതിരി | | |
| പങ്കജാക്ഷി.കെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01.04.2015മുതൽ 16.02.2016വരെ |
| ശബ്നം.സി.കെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 16.02.2016മുതൽ 31.03.2016വരെ |
| രമേശൻ.പി.വി | ഹെഡ് മാസ്റ്റർ | 01.04.2015മുതൽ 31.03.2016വരെ |
| വി.സുനിൽകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.ദീപാമാധവൻ | മെഡിക്കൽ ഓഫീസർ (അലോപതി) | 01.04.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| ഡോ.മധുസൂതനൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.പ്രശാന്ത് .പി | വെറ്റിനറി സർജൻ | 01.04.2015മുതൽ 31.03.2016വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 1. തീയ്യതി 25/03/2015 | 16. തീയ്യതി 19/01/2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-10-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1) സ്ഥിര ആസ്ഥികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് പൂർണ്ണമായ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തു നികുതി - ഡിമാന്റ് രജിസ്റ്ററുകൾ (കുടിശ്ശികയുൾപ്പടെ) പൂർത്തീകരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,83,98,215 |
| വരവ്- | 9,61,39,727 |
| ആകെ- | 11,45,37,942 |
| ചെലവ്- | 10,33,08,675 |
| നീക്കിബാക്കി | 1,12,29,267 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14,30,573 | 34,56,170 | 63,02,898 | 1,11,89,641 | 1,11,89,641 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 7,87,329 | 6,94,462 | -3,22,325 | 11,59,466 | 11,59,466 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 10,000 | 4,500 | -10,000 | 4,500 | 4,500 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 15,20,307 | 63,26,649 | - | 78,46,956 | 78,46,956 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 16,15,311 | 27,14,675 | - | 43,29,986 | 43,29,986 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 15,59,727 | 70,98,263 | -25,09,684 | 61,48,306 | 61,48,306 | 0 |
| ലോക ബാങ്ക് സഹായം | 36,38,889 | 28,79,404 | -34,60,889 | 30,57,404 | 30,57,404 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 157 | 130 | 1 | 26 | 83 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 13 | 12 | 28,88,000 | 28,02,514 | 97.03 |
| സെക്രട്ടറി | 14 | 5 | 18,77,460 | 9,85,053 | 52.46 |
| കൃഷി ഓഫീസർ | 6 | 6 | 28,39,690 | 23,91,685 | 84.22 |
| വെറ്ററിനറി സർജൻ | 8 | 8 | 27,20,000 | 18,54,222 | 68.16 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 16,53,741 | 10,38,054 | 62.77 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 4 | 11,63,201 | 6,40,669 | 55.07 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 4,50,000 | 4,50,000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 6 | 61,57,500 | 26,44,000 | 42.93 |
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 5 | 4 | 38,95,800 | 29,87,761 | 76.69 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ | 87 | 75 | 2,61,91,320 | 21,01,02,258 | 80.2 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 40,94,939 | 36,68,797 | 4,26,142 | -10.41 |
| നികുതിയേതര വരവുകൾ | 5,43,200 | 4,26,040 | 1,17,160 | -21.56 |
| മറ്റു വരവുകൾ (ഇനം തിരിച്ച്) | 71,54,905 | 73,82,722 | 2,27,817 | 3.18 |
| ആകെ | 1,17,93,044 | 1,14,77,559 | 3,15,485 | -2.675 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 45 | 45 | 7 |
| 2 | തൊഴിൽ രഹിത വേതനം | 15 | 15 | 11 |
| 03 | വിധവാ പെൻഷൻ | 87 | 87 | 7 |
| 4 | വികലാംഗ പെൻഷൻ | 34 | 34 | 7 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 334 | 334 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/10/2016-ന് 4 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17,389/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 06/10/2016 to 13/10/2016 | 2016-17 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ | ഇല്ല | | | |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത പഞ്ചായത്തിന് വരുമാന നഷ്ടം.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ, വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ സി/5046/11 തീയ്യതി 11.01.2012 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. ആയത് പരിഹരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം എത്രയും പെട്ടെന്നു തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദവിവരം താഴെ കൊടുക്കുന്നു.

1)ഉടമസ്ഥന്റെ പേര് -- അബ്ദുൾ സലാം.ടി.പി

കെട്ടിട നമ്പർ -- Ward No IX, 15/B മുതൽ 15/E വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-115.24

FF-109.81

STAIR-19.95

Completion date- 12.12.2015- വാണിജ്യകെട്ടിടം.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F-115.24 M2 | 40 X 105 = 4,200 | 20%= 840 | -- | 5040 | 60X 115.24= 6,915 | 20%= 1,383 | -- | 8298+ LC | 3258+163= 3,421 |

ഈ കെട്ടിടത്തിന്റെ ഒന്നാം നില അസ്സെസ്മെന്റ് ചെയ്തതിൽ വ്യത്യാസമില്ല. GF-ൽ മാത്രമാണ് വ്യത്യാസമുള്ളത്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 3,421 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.8 /31.10.2016).

## 2-2 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം,കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും,FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-3 കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

3)വയൽ കമ്മറ്റി (നിലം കമ്മിറ്റി) പ്രവർത്തനം- വിശദവിവരം ലഭ്യമല്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമംബാധകമാക്കുന്നതിനു മുമ്പ് റവന്യൂരേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ 300 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിനായി റവന്യൂ,കൃഷി വകുപ്പധികൃതർ ഉൾപ്പെട്ട വയൽകമ്മിറ്റി രൂപീകരിക്കേണ്ടതും ടി കമ്മിറ്റിയുടെ ശുപാർശയിൻമേൽ നിർമ്മാണാനുമതി നല്കാവുന്നതുമാണ്. (31.7.2008 ലെ 45846/RAI /08/LSGD, 23.9.2008 ലെ 59655/RAI/08/LSGD സർക്കുലറുകൾ പ്രകാരം)സർക്കുലർ പ്രകാരം കമ്മിറ്റി ഓരോമാസവും യോഗം ചേരേണ്ടതുമാണ്. എന്നാൽ വയൽ കമ്മിറ്റിയുടെ, മിനുട്സ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി രൂപീകരിച്ചത് മുതലുള്ള മിനുട്സ് ലഭ്യമാക്കാത്തത് കാരണം കമ്മിറ്റിയുടെ ശുപാർശ പ്രകാരം മുൻവർഷങ്ങളിൽ അനുമതി നല്കിയ / നിരസിച്ച കെട്ടിട നിർമ്മാണ അപേക്ഷകളുടെ വിശദവിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03//31-10-2016 )

2015-16 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് / ഉദ്യോഗ പേര് | സ്ഥാപന ത്തിന്റെ പേര് | നികുതി അടവാ ക്കേണ്ട കാലയളവ് | ആകെ അർദ്ധ വർഷ വരുമാനം | അടവാ ക്കേണ്ട നികുതി | അടവാ ക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് ഷെഫീക്ക്.ബി.പി ഓഫീസ് അസിസ്റ്റന്റ് | ഗവൺമെന്റ് എച്ച്.എസ്.എ.സ്.ചീമേനി | 2015-16 I-ാം അർദ്ധ വർഷം | 1,03,026 | 1000 | 750 Rt.No.102031/11-9-15 | 250 |
| ആകെ | | | | | | | 250 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 250/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03//31-10-2016 )

2015-16 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപനതൊഴിൽനികുതി അടവാക്കേണ്ട കാലയളവ് | ഈടാക്കേണ്ട തൊഴിൽനികുതി | കുറവ് |
|---|---|---|---|---|
| 1 | വിവിധോദ്ദേശ വനിത സഹകരണ സംഘം | 2015-16ഒന്നും,രണ്ടും അർദ്ധവർഷം | 2,5000 | 2,500 |
| 2 | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംങ് | 2015-16ഒന്നും,രണ്ടും അർദ്ധവർഷം | 2500 | 2500 |

| | | | | |
|---|---|---|---|---|
| | സൊസൈറ്റി | | | |
| 3 | ക്ഷീരോൽപാദക സംഘം കയ്യൂർ | 2014-15ഒന്നം,രണ്ടും അർദ്ധവർഷം | 2500 | 2500 |
| 4 | ക്ഷീരോൽപാദക സംഘം മുഴക്കോം | 2014-15ഒന്നം,രണ്ടും അർദ്ധവർഷം | 2500 | 2500 |
| ആകെ | | | | 10,000/- |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി 10,000/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-6 ഓഡിറ്റോറിയം &ഹാൾ - വാടക രജിസ്റ്ററിലെ അപാകതകൾ.

2015-16 വർഷത്തിൽ ഓഡിറ്റോറിയം & ഹാൾ എന്നിവയിൽ നിന്നുള്ള വാടകയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 10,000/- രൂപ വരവുണ്ട്.എന്നാൽ ഓഡിറ്റോറിയം & ഹാൾ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 9-10-2015,14-12-2015,21-12-2015, എന്നീ ദിവസങ്ങളിലെ അപേക്ഷകൾ മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തികാണുന്നുള്ളൂ.ഒരു ദിവസത്തേക്ക് 500/- രൂപയാണ് ദിവസ വാടക ഈടാക്കിവരുന്നത്.രജിസ്റ്ററിൽ മുഴുവൻ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ലാത്തതിനാൽ അവയിൽ നിന്നുള്ള വരുമാനത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയത് സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015 - 16 സാമ്പത്തിക വർഷത്തിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ബഡ്ജറ്റ് അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 24.03.2015 തീയ്യതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നല്കാൻ തീരുമാനിച്ചു, എന്നാൽ ബജറ്റ് ചർച്ച ചെയ്തതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 25.03.2015 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.03.2015തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരിപ്പിച്ചതല്ലാതെ വിശദമായ ബജറ്റ് ചർച്ച നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ, ചട്ടം 71(1) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടത് അക്രൂവൽ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത

രീതി പ്രകാരമല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3. സമാഹൃത ബജറ്റ് എസ്റ്റിമേറ്റിന്റെ കൂടെ റവന്യൂ വരവ് ചെലവ്, മൂലധന വരവ് ചെലവ്, വായ്പ തിരിച്ചടവ്, വായ്പകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ, റിക്കവറികൾ, നിക്ഷേപങ്ങൾ തുടങ്ങിയവ സംബന്ധിച്ച പത്രികകൾ കൂടി ഉണ്ടായിരിക്കണം. എന്നാൽ മേൽ പത്രികകൾ ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

4. 2014-15 ലെ വാർഷിക കണക്ക് പ്രകാരം പഞ്ചായത്തിൽ നീക്കിയിരിപ്പായിട്ടുണ്ടായിരുന്ന തുക 1,83,98,215- രൂപയാണ്. വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ച് (30.07.2016 ലെ തീരുമാന പ്രകാരം) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ വാർഷിക കണക്കുകളിലെ വരവ് ചെലവ് ബജ്ജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ബജറ്റ് പ്രകാരം 2015-16 മുന്നിരിപ്പായിട്ടുള്ള തുക 7,29,830/- രൂപയാണ്.വരവ് 12,99,32,400രൂപയും ചെലവ് 12,83,43,895 രൂപയും ആണ്. എന്നാൽ യഥാർത്ഥത്തിൽ ഇത് മുന്നിരിപ്പ് 1,83,98,215 രൂപയും, വരവ് 9,61,39,727രൂപയും ചെലവ് 10,33,08,675രൂപയും ആണ്. പഞ്ചായത്തിന്റെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

- 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം -14)ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

## 3-2 പത്ര പരസ്യത്തിന് അധികനിരക്ക് നൽകി.

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്ട് നം-01 /15-16

പ്രൊജക്ടിന്റെ പേര് -പദ്ധതി നിർവ്വഹണ മോണിറ്ററിംഗ് ചെലവ്.

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-9-14 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച് പരസ്യങ്ങൾ പി&എ.ആർ.ഡി വകുപ്പ് മുഖേന നല്കിയാലും നേരിട്ടു നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| പത്രത്തിന്റെ പേര് | ബിൽ നം/തിയ്യതി | നിരക്ക്xനീളംx വീതിx | നല്കിയ തുക | നൽകേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| ദേശാഭിമാനി | 2016036164/20-02-2016 | 5x2x4x145 | 5800 | 4,930 | 8,70 |

| | | | | | |
|---|---|---|---|---|---|
| ദേശാഭിമാനി | 2016018700/20-01-2016 | 7x2x4x145 | 8,120 | 6902 | 1,218 |
| ദേശാഭിമാനി | 2016018690/20-01-2016 | 8x2x4x145 | 9,280 | 7888 | 1,392 |
| ദേശാഭിമാനി | 2015694224/23-09-2015 | 5x2x4x145 | 5,800 | 4,930 | 870 |
| ദേശാഭിമാനി | 2015106032/05-10-2015 | 73.2x145 | 10,614 | 9022 | 1,592 |
| ദേശാഭിമാനി | 2016015855/31-12-2015 | 134.2x145 | 19,459 | 16,540 | 2,919 |
| ദേശാഭിമാനി | 2015092991/13-09-2015 | 5x2x4x145 | 5,800 | 4,930 | 870 |
| ദേശാഭിമാനി | 2015661822/18-06-2015 | 5x2x4x145 | 5,800 | 4930 | 870 |
| ദേശാഭിമാനി | 2015661094/18-06-2015 | 8x2x4x145 | 9,280 | 7,888 | 1,392 |
| ദേശാഭിമാനി | 2015088979/14-08-2015 | 8x2x4x145 | 9,280 | 7,888 | 1,392 |
| | ആകെ | | | | 13,385 |

പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള 15% ഇളവ് ക്ലെയിം ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി അറിയിക്കുന്നതുവരെ 13,385/- രൂപ നിരാകരിക്കുന്നു.

## 3-3 സ്ട്രീറ്റ് ലൈറ്റ് സംയുക്ത പരിശോധന നടത്തിയിട്ടില്ല

2015-16 വർഷം സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 75,984/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയാനായി സംയുക്ത പരിശോധന നടത്തിയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നാണ് ഓഡിറ്റിന്റെ നിഗമനം. അതിനാൽ എത്രയും പെട്ടെന്ന് സംയുക്ത പരിശോധന നടത്തി വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കാതെ തൊഴിൽ രഹിത വേതനം നൽകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും,

അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്ന് മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2015-16 | 391 | 7,73,640 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 സോളിംഗ്/മെറ്റലിംഗ് പ്രവൃത്തി ചെയ്ത റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്തിയിട്ടില്ല.

2014-15 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന റോഡുകളുടെ സോളിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | കരുവളം - ആലന്തട്ടം | ₹.2,22,164/-(വോച്ചർ | ഈ പ്രവൃത്തി പ്രകാരം |

| | | | |
|---|---|---|---|
| | റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.46/16) | നം.91/15-16 തീ.24.01.2016) | 450മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |
| 2 | എടത്തിനം കുഴി - ചെറുവപ്പടി റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.45/16) | ₹.3,74,178/-(വോച്ചർ നം.57/15-16 തീ.16.11.2015) | ഈ പ്രവൃത്തി പ്രകാരം 550മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും സോളിംഗ് നടത്തിയിട്ടുണ്ട്. |
| 3. | മുഴകോം - ഹോമിയൊ ആശുപത്രി റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.36/16) | ₹.2,95,672/-(വോച്ചർ നം.89/15-16 തീ.23.01.2016) | ഈ പ്രവൃത്തി പ്രകാരം 790മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |
| 4 | അളറോട്ട് കണിയാർ കുന്ന് റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.23/16) | ₹.3,02,296/-(വോച്ചർ നം.87/15-16 തീ.23.01.2016) | ഈ പ്രവൃത്തി പ്രകാരം 350.മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |
| 5 | കുതിരുച്ചാൽ - പുലികുന്ന് റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.30/16) | ₹.2,61,125/-(വോച്ചർ നം.85/15-16 തീ.23.01.2016) | ഈ പ്രവൃത്തി പ്രകാരം 250.മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| 6 | ചൊടോർത്തടം ഇരിയിൽ റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.29/16) | ₹.1,87,361/-(വോച്ചർ നം.83/15-16 തീ.23.01.2016) | ഈ പ്രവൃത്തി പ്രകാരം 250.മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |
| 7 | പന്നിക്കൊട – കുളപ്പാറം റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.048/16) | ₹.2,99,515/-(വോച്ചർ നം.97/15-16 തീ.28.01.2016) | ഈ പ്രവൃത്തി പ്രകാരം 425.മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |
| 8 | ചെറുപ്പ – ചെന്ദ്രകാനം തട്ട് റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.047/16) | ₹.2,96,560/-(വോച്ചർ നം.135/15-16 തീ.31.03.2016) | ഈ പ്രവൃത്തി പ്രകാരം 375.മീറ്റർ. നീളത്തിലും 3.20 മീറ്റർ വീതിയിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്. |

സോളിംഗ് /മെറ്റലിംഗ് പ്രവൃത്തി ചെയ്ത റോഡുകൾ ടാറിംഗ് നടത്താതെ ദീർഘകാലം ഉപയോഗിച്ചാൽ സോളിംഗ് ചെയ്ത പ്രതലം ഇളകിപ്പോകാനും പിന്നീട് ഇത്തരം റോഡുകൾ ടാറിംഗ് ചെയ്യുമ്പോൾ വീണ്ടും സോളിംഗ് /മെറ്റലിംഗ് പ്രവൃത്തി നടത്തേണ്ടതായും വരും. ഇത് പഞ്ചായത്തിന് അധിക ബാധ്യതയാണ്. ആയതിനാൽ സോളിംഗ് ചെയ്ത മേൽ പ്രവൃത്തികൾ എത്രയും വേഗം ടാറിംഗ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ ഓഡിറ്റ് എൻക്വയറി നം- 4 തീയതി 31.10.2016 ക്ക് നല്കിയ മറുപടിയിൽ മേൽ പറഞ്ഞ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ 2016-17വർഷത്തിൽ പൂർത്താകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുകയുണ്ടായി).

## 3-6 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം.

2015-16 വർഷത്തിൽ ആകെ 87 അംഗീകരിച്ച പ്രൊജക്ടുകളിൽ 10 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളും ഉൾപ്പെടുന്നു. അംഗീകരിച്ച പ്രൊജക്ടുകളിൽ 76 എണ്ണം നടപ്പിലാക്കി പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 87 പ്രൊജക്ടുകൾക്കായി 2,61,91,320/- രൂപ വകയിരുത്തിയതിൽ 76 പ്രൊജക്ടുകൾ പൂർത്തികരിക്കാൻ 2,10,10,258/- രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകരിച്ച 3 കുടിവെള്ളം പദ്ധതികൾ തൻ വർഷം നടപ്പിലാക്കി പൂർത്തികരിച്ചിട്ടുണ്ട്. അംഗീകരിച്ച പ്രൊജക്ടുകളിൽ ആകെ 80 ശതമാനം ചെലവ് ചെയ്യാൻ സാധിച്ചിട്ടുണ്ട്.കെട്ടിടം നിർമ്മാണം തൊഴിലാളി ക്ഷേമ നിധി 2015-16 വർഷത്തിൽ ഈടാക്കിയ 2,43,175/- രൂപയിൽ തൻവർഷം 2,43,175/- രൂപ അടവാക്കിയിട്ടുണ്ട്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

2015-16 വർഷത്തിൽ വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയ 5,60,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ/തീയ്യതി | തുക | വിശദ വിവരങ്ങൾ |
|---|---|---|---|---|
| 1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01/2015-16 /30-09-2015 | 3,60,000 | ഐ.എ.വൈ. വിഹിതം - സെക്രട്ടറി നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്( പ്രൊജക്ട് നം. 08/16 ജനറൽ) |
| 2 | നിർവ്വഹണ ഉദ്യോസ്ഥൻ – വെറ്ററിനറി സർജൻ | 09/2015-16/ 28-03-2016 | 2,00000/- ഡ.ഡി.നമ്പർ.634887 /29-03-2016 | തെരുവ്നായ്ക്കളെയും,പേവിഷബാധയും നിയന്ത്രണ പദ്ധതിയിലേക്കായ് ജില്ലാപഞ്ചായത്ത് വിഹിതം - സെക്രട്ടറി കാസർഗോഡ് ജില്ലാപഞ്ചായത്തിന് നൽകിയത് പ്രൊജക്ട് നം. S0146/2016 (വികസനഫണ്ട്,ധനകാര്യ കമ്മീഷൻ അവാർഡ്) |

മേൽ സൂചിപ്പിച്ചത് പ്രകാരം, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തിനാൽ 5,60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 ഇ.എം.എസ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം

പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | പദ്ധതിയുടെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|---|
| 1 | കെ.പാറു | ഇ.എം.എസ് ഭവനം | 75,000 | 67,500 | 7,500 |
| 2 | കമലാക്ഷി | ,, | ,, | ,, | ,, |
| 3 | തമ്പായി | ,, | ,, | ,, | ,, |
| 4 | രാമകൃഷ്ണൻ | ,, | ,, | 52,500 | 22,500 |
| 5 | വെള്ളാച്ചി | ,, | ,, | 52,500 | 22,500 |
| 6 | മാധവി | ,, | ,, | 52,500 | 22,500 |
| 7 | കുഞ്ഞിരാമൻ | ,, | ,, | 52,500 | 22,500 |
| 8 | സുലൈഖ.എം. | ,, | ,, | 67,500 | 7,500 |

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫർണ്ണിച്ചർ വിതരണം -ചെലവ് തുക 1,96,813/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ-അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം : 68/2016

പ്രൊജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫർണ്ണിച്ചർ വിതരണം

അടങ്കൽ : 2,00,000/- (വികസനഫണ്ട്)

ബിൽ നം./തീയതി : 68/2015-16 തീയ്യതി 17-07-2015, തുക 1,96,813

പഞ്ചായത്തിലെ 50 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഫർണ്ണിച്ചറുകൾ സിഡ്കോ കാസർഗോഡിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ A16946/13 തീയ്യതി 20-02-2015). 50 സ്റ്റീൽ മേശയും, 50 പ്ലാസ്റ്റിക്ക് കസേരയും അടക്കം മൊത്തം 1,96,813- രൂപയുടെ ഫർണിച്ചറുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 29 എണ്ണം വീതം ഫർണ്ണിച്ചറുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 21സ്റ്റീൽമേശയും, 21പ്ലാസ്റ്റിക്ക്കസേരയും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. കൂടാതെ സ.ഉ.(എ.എസ്.)നം.362/2013/ത.സ്വ.ഭ.വ.,തിരുവനന്തപുരം,തീയതി 16-11-2013 പ്രകാരം പട്ടികജാതി

വിദ്യാർത്ഥികൾക്ക് നൽകുന്ന കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മര നിർമിതമായിരിക്കണമെന്നും, പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റു സ്രോതസ്സുകളിൽ നിന്നോ ഉപകരണം ലഭ്യമായവർക്ക് പഞ്ചായത്തിൽ നിന്ന് നൽകേണ്ടതില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പ്ലാസ്റ്റിക്ക്കസേരയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മാത്രമല്ല,പട്ടികജാതി വികസന വകുപ്പിൽ നിന്ന് മേശയും കസേരയും ലഭ്യമാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സർക്കാർ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനു തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.9/31.10.2016) വിശദീകരണം ലഭ്യമാക്കിട്ടുമില്ല. ആയതിനാൽ 1,96,813/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ

2015-16 വർഷം നടപ്പാക്കിയ എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി പ്രകാരം (പ്രൊജക്ട് നം.SO118/16) 17,00,000 രൂപ (ട്രഷറി ബിൽ നം.1/27-12-2016 -വികസന ഫണ്ട്)പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ കാസറഗോഡ്-ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം 02 -28/10/2016).ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള ചെലവ് താഴെ കൊടുക്കുന്നു.

| SSA പദ്ധതി അടങ്കൽ 1 | 35% ഗ്രാമ പഞ്ചായത്ത് വിഹിതം 2 | ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് 3 | UC പ്രകാരം ആകെ ചെലവ് 4 | ആകെ ചെലവിന്റെ 35% 5 | അധികം നല്കിയ തുക 3-5 |
|---|---|---|---|---|---|
| 49,04,000 | 17,16,000 | 17,00,000 | 24,59,000 | 8,60,650 | 8,39,350 |

ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്ന പദ്ധതികളുടെ വാർഷിക ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കുകയും ആയതിന്റെ 35% ഗ്രാമപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തി ഫണ്ട് പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ കാസറഗോഡ്-ന് കൈമാറണം.ഓഡിറ്റ് വർഷം കൈമാറിയ തുകയിൽ മുകളിൽ വിവരിച്ച പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ബാക്കിയുണ്ട്. വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ 8,39,350 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സർക്കാർ സ്കൂളുകൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ-അധിക നിരക്ക് നൽകി അപാകതകൾ.

(നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ )

2015-16 വർഷം നടപ്പാക്കിയ പ്രൊജക്ട് നം.SO0123/16 പ്രകാരം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ പാചക പാത്രങ്ങൾ വാങ്ങി നൽകൽ പദ്ധതി പ്രകാരം പാചക പാത്രങ്ങൾക്കായി 50,000 രൂപ (ട്രഷറി ബിൽ നം.7/30-3-2016 -MG-Non road) Kavanal international, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ) പദ്ധതിയ്ക്കായി അഞ്ച് സ്ഥാപനങ്ങൾ ടെണ്ടർ നൽകിയിരുന്നു. എന്നാൽ കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്തത് അംഗീകരിക്കാതെ കൂടിയ നിരക്ക് അനുവദിച്ച് കാണുന്നു. വിവിധ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത

നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | Aluminium-perkg | Indalium per kg | Steel per kg |
|---|---|---|---|---|
| 1 | Menal trading compani | 515 | --- | 630 |
| 2 | p.k.k enterprisess | 400 | 350 | 375 |
| 3 | Kavanal | 362 | 295 | 376 |
| 4 | Aswin industries | 450 | --- | 360 |
| 5 | Fidco | 448 | 394 | 326 |

മേൽപ്രകാരം വിവിധ നിരക്കുകൾ ക്വാട്ട് ചെയ്യപ്പെട്ടെങ്കിലും കുറഞ്ഞ നിരക്കുകൾ തഴഞ്ഞ് Steel 376 രൂപ നിരക്കിൽ Kavanal international, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ചത് സാധൂകരിക്കുന്ന പർച്ചേസിങ്ങ് കമ്മിറ്റി തീരുമാനങ്ങളോ, ഭരണസമിതി തീരുമാനങ്ങളോ, നേരിട്ട് ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളോ, സെലക്ഷൻ നോട്ടീസ്, പർച്ചേസിങ്ങ് ഓർഡർ എന്നിവ നൽകിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടിക പ്രകാരം സ്റ്റീലിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ഫിഡ്കോയാണ് (326 രൂപ). 113.81 kg steel ആണ് വാങ്ങിയത്. വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞനിരക്ക് നിരസിച്ച് Steel വാങ്ങിയത് വഴി പഞ്ചായത്തിന് 5690 രൂപയുടെ നഷ്ടം (376-326=50x113.81=5,690) സംഭവിച്ചിട്ടുണ്ട്, ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 02 -28/10/2016).

## 3-12 സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ.

പ്രോജക്റ്റ് നം: 120/2015-16 ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ

വകയിരുത്തൽ : വികസന ഫണ്ട്(സാധാ) 30,000/-

ബിൽ നം: 09/2015-16 തീ.30.03.2016 30,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

മേൽ പ്രോജക്റ്റ് പ്രകാരം സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് കാണിച്ച തേജസ്വിനി ബുക്ക്സ്, ചെറുവത്തൂർ എന്ന സ്ഥാപനത്തിന് 551 ബുക്കുകൾ വിതരണം ചെയ്തതിന് 30,000/- രൂപ നൽകിയിട്ടുമുണ്ട്. (DD No.610429/31.03.2016). (മേൽസ്ഥാപനത്തിൽ നിന്നും ആദായ നികുതിയിനത്തിൽ തുക ഈടാക്കിയിട്ടില്ല.). എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിനു മുൻഗണന നൽകേണ്ടതാണെന്നും ബുക്ക് മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ

പുറത്ത് നിന്നും വാങ്ങാവൂ എന്ന തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ നിർദേശം പാലിക്കാത്തതായി കാണുന്നു .(സർക്കുലർ നം.38156/ഡിഎ2/12/തസ്വഭവ തീ.05.09.2012, സർക്കുലർ നം.117217/ഡിഎ2 /15/തസ്വഭവ തീ.13.02.2015).(ഓഡിറ്റ് എൻക്വയറി നം 02 -28/10/2016). മേൽ അപാകത കാരണം 30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല.

### 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| | 35219 | ഇഎംഎസ് ഭവന പദ്ധതി | 35219 | 0 | ഇഎംഎസ് ഭവന പദ്ധതി |
| | | | | | |

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന വായ്പ | Go(ms)453/2010 LSGD Dtd 09.02.2010 | 13512000 | 5050200 | 533566 | 0 | 4551753 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 22,084 രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്: | 9,61,39,727 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്: | 10,33,08,675 |
| വരവിനങ്ങളിലുള്ള നഷ്ടം: | 13,671 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക: | 19,075 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക: | 15,96,163 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,421 | - | ശ്രീ.കെ.വിനോദ്കുമാർ, സെക്രട്ടറി |
| 2-4 | 250 | - | ശ്രീ.കെ.വിനോദ്കുമാർ, സെക്രട്ടറി |
| 2-5 | 10,000 | - | ശ്രീ.കെ.വിനോദ്കുമാർ, സെക്രട്ടറി |
| 3-2 | - | 2,262 | ശ്രീ.വി.കുഞ്ഞിക്കണ്ണൻ, സെക്രട്ടറി |
| | | 11,123 | ശ്രീ.കെ.വിനോദ്കുമാർ, സെക്രട്ടറി |
| 3-11 | | 5,690 | ശ്രീ.രമേശൻ.പി.വി, പ്രധാനാധ്യാപകൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3,60,000 | ശ്രീ.കെ.വി.സഞ്ജയ് കുമാർ, വി.ഇ.ഒ.(ചീമേനി) |
| | 2,00,000 | ഡോ.പ്രശാന്ത്.കെ , വെറ്റിനറിസർജ്ജൻ |
| 3-9 | 1,96,813 | ശ്രീ.കൃഷ്ണകുമാർ.കെ., |

| | | |
|---|---|---|
| | | അസി.സെക്രട്ടറി |
| 3-10 | 8,39,350 | ശ്രീ.രമേശൻ.പി.വി, പ്രധാനാധ്യാപകൻ |
| 3-12 | 30,000 | ശ്രീ.രമേശൻ.പി.വി, പ്രധാനാധ്യാപകൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.കുഞ്ഞിക്കണ്ണൻ, സെക്രട്ടറി | സെക്രട്ടറി, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് | മുത്തപ്പൻ തറ, ബല്ല പി.ഒ, കാഞ്ഞങ്ങാട്, കാസർഗോഡ്. |
| ശ്രീ.കെ.വിനോദ്കുമാർ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ്ഓഡിറ്റ്, പുല്ലൂർ-പെരിയ | നന്ദനം,ആയത്രവയൽ, കരിവെള്ളൂർ.പി.ഒ,കണ്ണൂർ |
| ശ്രീ.രമേശൻ.പി.വി, പ്രധാനാധ്യാപകൻ | പ്രധാനാധ്യാപകൻ, ജി.യു.പി.എസ്. മുഴക്കോം | മാണിക്ക്യം, വെള്ളച്ചാൽ, കൊടക്കാട് പി.ഒ, കാസർഗോഡ്. pin-671310 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം | റിമാർക്സ് |
|---|---|---|---|
| 1989-90,1990-91, 1991-92,1992-93 | എൽ.എഫ്.കെ.എസ്.ഡി-5: 147/2000, തി: 14.02.2001 | 7 | |
| 1993-94, 1994-95,1995-96 | എൽ.എഫ്.കെ.എസ്.ഡി4-02/2006, തി:07.07.2007 | 6 | |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5-497/2000,തി: 20.01.2000 | 23 | |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5-222/02, തി: 17.06.2002 | 17 | |

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-4-93/03,<br>തി: 05.06.2003 | 6 | |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി-4-91/04,<br>തി: 04.07.2005 | 6 | |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി-4-92/04,<br>തി: 04.07.2005 | 5 | |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി4-613/05,<br>തി: 17.02.2007 | 9 | |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി3/275/06,<br>തി: 14.11.2008 | 6 | |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3:45/10,<br>തി:23.12.2010 | 3 | |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3:46/10,<br>തി:13.05.2011 | 9 | |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3:393/12,<br>തി:02.06.2012 | 3 | |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി4:765/12 ,<br>തി:27.10.11/16.04.12 | 4 | |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3:394/12,<br>തി:02.06.2012 | 3 | |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3:395/12,<br>തി: 02.06.2012 | 5 | |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-4:940/10,<br>തി: 08.02.12/10.07.12 | 3 | |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി-3:238/12,<br>തി: 04.10.12/30.01.13 | 20 | |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി-3:238/12,<br>തി: 04.10.12/30.01.13 | 18 | |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി-7: 1047/13,<br>തി: 16.07.14/19.09.14 | 23 | |

| | | | |
|---|---|---|---|
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി-8: 86/2015 ,<br>തി: 15.05.2015 | 11 | |
| 2014-15 | കെ.എസ്.എ./കെ.എസ്.ഡി9/1038/2015<br>തി: 30/10/2015 | | |

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-/9/1258/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ്

ഇ.മെയിൽ

doksd.ksad@kerla.gov.in

ഫോൺ നം.04994-256690 പിൻ -

671123

തീയതി. 20.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൻറെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം ,കാസറഗോഡ്

No. KSA-KSD-9/1258/2016

Kerala State Audit Department

District Audit Office,Kasaragod – 671 123

E-mail:- doksd.ksad@kerala.gov.in

Phone: 04994-256690

Dated: 20.12.2016

Certified that, I have audited the Annual Financial Statement of Kayyur Cheemeni Grama Panchayat in Kasaragod

District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kayyur Cheemeni Grama Panchayat for the year 2015-16, except the observations pointed out in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod